# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 100 — 13.12.2012 ൽ മറുപടിക്ക്

## സംസ്ഥാനത്തെ സി.ബി.എസ്.ഇ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സി. ബി. എസ്. ഇ, സ്കൂളുകളിൽ അദ്ധ്യാപകർക്ക് കേന്ദ്രനിരക്കിൽ വേതനം നൽകുന്നുണ്ടോ; വിശദമാക്കാമോ; ഇതു സംബന്ധമായി കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ വിധി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) 07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും അലവൻസും നൽകണമെന്ന് നിഷ്കർഷിക്കുന്നു. അതനുസരിച്ച് 50 രൂപ മുദ്രപത്രത്തിൽ സ്കൂൾ മാനേജർ ഒരു സമ്മതപത്രം നൽകണം. അതിന്റെ അടിസ്ഥാന ത്തിലാണ് എൻ.ഒ.സി നൽകി വരുന്നത്.<br>ഇതു സംബന്ധമായി സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.A.1042/12 നമ്പർ അപ്പീലിൻമേൽ 14.9.2012 ൽ ഡിവിഷൻ ബെഞ്ച് വിധി പുറപ്പെടുവിച്ചു. സർക്കാരിന്റെ അപ്പീൽ തള്ളി ക്കൊണ്ടും സ്കൂൾ മാനേജ്മെന്റുകൾ നൽകിയ റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടു മാണ് പ്രസ്തുത വിധി വന്നിട്ടുള്ളത്. മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ Clause (iv), (vi), (viii),(xiv) എന്നിവ സംബന്ധി ച്ചാണ് പ്രസ്തുത വിധി. ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. dated 07.12.2012 പ്രകാരം |

| | | | |
|---|---|---|---|
| | | | കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തി അദ്ധ്യാപകരുടെയും സ്റ്റാഫുകളുടെയും ശമ്പളം Clause (viii) സംബന്ധിച്ച കോടതിവിധി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ Clause (iv), Clause, (vi), (xiv) എന്നിവയിൻമേൽ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ നൽകുവാനും തീരുമാനിച്ചു. ആയതിനുള്ള നിർദ്ദേശം അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. |
| (ബി) | സി. ബി. എസ്. ഇ, സ്കൂളുകൾ വിദ്യാർത്ഥികളിൽ നിന്നും അനധികൃതമായി തലവരിപണം വാങ്ങുന്നതായി അറിയാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ എൻ.ഒ.സി നൽകി ആരംഭിച്ച സി. ബി. എസ്. ഇ, സ്കൂളുകളിൽ അദ്ധ്യാപക രുടെയും ജീവനക്കാരുടെയും വേതനം, വിദ്യാർത്ഥികളുടെ ഫീസ് തുടങ്ങിയ കാര്യങ്ങളിൽ മാനേജ്മെന്റുകൾ നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; | (സി) | ഇല്ല. ഇത് പരിശോധിക്കുന്നതിനുള്ള സ്ഥിര സംവിധാനം നടപ്പിൽ വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | ഈ സർക്കാർ ഇതിനകം എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുകയുണ്ടായി; ആകെ എത്ര സി.ബി.എസ്.ഇ സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു; | (ഡി) | 328 സ്കൂളുകൾക്ക് എൻ.ഒ.സി നൽകുകയുണ്ടായി. 2011-12 ലെ കണക്കുകൾ പ്രകാരം 797 സി.ബി.എസ്.ഇ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. |
| (ഇ) | സി. ബി. എസ്. ഇ, സ്കൂളുകളിലെ അദ്ധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരെ സംബന്ധിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ലഭ്യമായ കണക്കുകൾ വിശദമാക്കാമോ? | (ഇ) | 2011-12 ലെ കണക്കനുസരിച്ച് സി.ബി.എസ്.ഇ സ്കൂളിൽ ആകെ 31237 അദ്ധ്യാപകരും, 691669 കുട്ടികളും ഉണ്ട്. മറ്റു ജീവനക്കാരുടെ എണ്ണം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രമേ നിയമിയ്ക്കാവൂയെന്നും അവർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും അലവൻസും നൽകണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ 50 രൂപ മുദ്രപത്രത്തിൽ സർക്കാർ നിരക്കിൽ ശമ്പളം കൊടുത്തുകൊള്ളാമെന്ന് ഒരു സമ്മത പത്രം വെയ്ക്കാറുണ്ട്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നവർക്കാണ് എൻ.ഒ. സി നൽകി വരുന്നത്.

ഇതു സംബന്ധമായി സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.A.1042/12 നമ്പർ അപ്പീലിൻമേൽ 14.9.2012 ൽ ഡിവിഷൻ ബഞ്ച് വിധി പുറപ്പെടുവിച്ചു. സർക്കാരിന്റെ അപ്പീൽ തള്ളി ക്കൊണ്ടും സ്കൂൾ മാനേജ്മെന്റുകൾ നൽകിയ റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടു മാണ് പ്രസ്തുത വിധി വന്നിട്ടുള്ളത്. മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ Clause (iv), (vi), (viii),(xiv) എന്നിവ സംബന്ധി ച്ചാണ് പ്രസ്തുത വിധി. ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. dated 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തി അദ്ധ്യാപകരുടെയും സ്റ്റാഫുകളുടെയും ശമ്പളം Clause (viii) സംബന്ധിച്ച കോടതിവിധി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ Clause (iv), Clause, (vi), (xiv) എന്നിവയിൻമേൽ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ നൽകുവാനും തീരുമാനിച്ചു. ആയതിനുള്ള നിർദ്ദേശം 07.12.2012 ലെ 53898/N3/12/G.Edn. നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്.

........2

ഈ സർക്കാർ ഇതിനകം 328 സ്കൂളുകൾക്ക് എൻ.ഒ.സി നൽകുകയുണ്ടായി. 2011-12 ലെ കണക്കുകൾ പ്രകാരം 797 സി.ബി.എസ്.ഇ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 2011-12 ലെ കണക്കനുസരിച്ച് സി.ബി.എസ്.ഇ സ്കൂളിൽ ആകെ 31237 അദ്ധ്യാപകരും, 691669 കുട്ടികളും ഉണ്ട്. എൻ.ഒ.സി ലഭിച്ച ശേഷം നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്ഥിരമായ പരിശോധനാ സംവിധാനം നടപ്പിൽ വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.